(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കേന്ദ്ര ഗവൺമെന്റ് കേരളത്തിന് അനുവദിച്ച നികുതിയുടെ വിഹിതം

1 [1831] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-2006 വർഷത്തിൽ കേന്ദ്ര ഗവൺമെന്റ് കേരളത്തിന് അനുവദിച്ച നികുതിയുടെ വിഹിതം എത്രയാണ്;

(ബി) പ്രസ്തുത വിഹിതം 2004-2005 വർഷത്തെ വിഹിതത്തെക്കാൾ കൂടുതലാണോ; എങ്കിൽ വ്യത്യാസം എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) സാമൂഹിക-വിദ്യാഭ്യാസ രംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങൾമൂലം കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട നികുതി വരുമാനം ഈ സർക്കാർ വന്നതിനുശേഷം കുറയുന്നതായി വിലയിരുത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത നികുതി വരുമാനം കുറയുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം 2005-2006 വർഷത്തിൽ കേന്ദ്രത്തിൽ നിന്നും നികുതി വിഭവ കൈമാറ്റത്തിന്റെ 2.665% ആണ് കേരളത്തിന് അനുവദിച്ചിട്ടുള്ളത്.

(ബി) പതിനൊന്നാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം 2004-2005 വർഷത്തിൽ കേന്ദ്രത്തിൽ നിന്നും നികുതി വിഭവ കൈമാറ്റത്തിന്റെ 3.057% കേരളത്തിന് അനുവദിച്ചിരുന്നു. എന്നാൽ പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റ് നിർദ്ദേശ പ്രകാരം 2005-2006-ൽ നികുതി വിഭവ കൈമാറ്റത്തിന്റെ 2.665% ആണ് കേരളത്തിന്റെ വിഹിതം. ഇത് മുൻ വർഷത്തേക്കാൾ 0.392% കുറവാണ്.

(സി) ഉണ്ട്.

(ഡി) ധനകാര്യ കമ്മീഷൻ നൽകുന്ന ശുപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ നികുതി വിഹിതം നൽകുന്നത്. ഭരണഘടനയനുസരിച്ച് നൽകുന്ന ഒരു ശുപാർശയായതിനാൽ അത് കേന്ദ്ര സർക്കാർ അംഗീകരിച്ച കഴിഞ്ഞാൽ അതിൽ മാറ്റം വരുത്തുവാൻ സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly